**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1385** **30-08-2022 - ൽ മറുപടിയ്ക്ക്**

**പാറശാല മണ്ഡലത്തിലെ സ്കൂളുകളിലെ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പാറശാല മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി പ്രകാരം നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ചതും കില നിർവഹണ ഏജൻസിയായതുമായ മൈലച്ചൽ ജി. എച്ച്. എസ്. എസ്., കീഴാറൂർ ജി. എച്ച്. എസ്. എസ്., ധനുവച്ചപുരം എൻ. കെ. എം. ജി. എച്ച്. എസ്. എസ്., ആനാവൂർ ജി. എച്ച്. എസ്. എസ്., പാറശാല വി. എച്ച്. എസ്. ഇ. എന്നീ അഞ്ച് സ്കൂളുകളിലെ കെട്ടിട നിർമാണം നാളിതുവരെ ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ; | (എ) | പാറശാല മണ്ഡലത്തിൽ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി പ്രകാരം 1 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട് ഭരണാനുമതി ലഭിച്ചതും കില നിർവഹണ ഏജൻസിയായതുമായ മൈലച്ചൽ ഗവ. എച്ച്.എസ്.എസ്. സ്കൂളിന്റെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടി സ്വീകരിച്ചിരുന്നു. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ ടെണ്ടർ നടപടികൾ പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. നിലവിലുള്ള നിർമ്മാണങ്ങൾക്ക് പുതുക്കിയ ഡി.എസ്.ആർ / ജി.എസ്.റ്റി നിരക്കുകൾ ബാധകമായതിനാൽ പുതുക്കിയ നിരക്ക് പ്രകാരമുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഇതനുസരിച്ച് എസ്റ്റിമേറ്റ് ഭേദഗതി വരുത്തി സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>**കീഴാറൂർ ഗവ. എച്ച്.എസ്.എസ്.** സ്കൂളിന്റെ നിർമ്മാണപ്രവൃത്തി ആരംഭിച്ചിരുന്നു. 45% ത്തോളം നിർമ്മാണം പൂർത്തിയായി 2 പാർട്ട് ബില്ലുകൾ കരാറുകാരന് അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ കരാറുകാരൻ പുതിയ റേറ്റ് ആവശ്യപ്പെട്ടുകൊണ്ട് പ്രവൃത്തി നിർത്തിവയ്ക്കുകയുണ്ടായി. പുതിയ റേറ്റ് നിയമപരമായി നൽകാൻ കഴിയില്ല എന്നും പ്രവൃത്തി കരാർ ഉടമ്പടി പ്രകാരം പൂർത്തിയാക്കില്ലെങ്കിൽ നിയമപരമായി തുടർ നടപടികൾ സ്വീകരിക്കുമെന്നും കാണിച്ച് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. തുടർന്ന് കരാറുകാരൻ കോടതിയിൽ കേസ് ഫയൽ ചെയ്യുകയുണ്ടായി. ബഹു. ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം കരാറുകാരനെ നേരിൽ കേൾക്കുന്നതിനും റേറ്റ് റിവിഷൻ അടക്കമുള്ള കാര്യങ്ങൾ പരിശോധിച്ച് തീരുമാനിക്കുന്നതിനും |

30.08.2022ന് സമയം നൽകിയിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുമെന്നും കില അറിയിച്ചിട്ടുണ്ട്.

**ധനുവച്ചപുരം എൻ.കെ.എം.ജി.എച്ച്.എസ്.എസ്.** സ്കൂളിന്റെ നിർമ്മാണ പ്രവൃത്തിയ്ക്ക് 10/02/2021ന് എഗ്രിമെന്റ് വച്ചിരുന്നു. എന്നാൽ പ്രവൃത്തി നടത്തേണ്ട സ്ഥലത്ത് നിലവിലുണ്ടായിരുന്ന കെട്ടിടം പൊളിച്ചുമാറ്റുന്നതിന് യഥാസമയം കഴിയാതെ വന്നതിനാൽ കരാറുകാരന്റെ ആവശ്യ പ്രകാരം ടിയാനെ കരാറിൽ നിന്ന് ഒഴിവാക്കി പുതിയ ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് ബന്ധപ്പെട്ട എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ ശുപാർശ ചെയ്തതനുസരിച്ച് കരാറുകാരനെ കരാറിൽ നിന്ന് ഒഴിവാക്കി. നിലവിലുള്ള നിർമ്മാണങ്ങൾക്ക് പുതുക്കിയ ഡി.എസ്.ആർ / ജി.എസ്.റ്റി നിരക്കുകൾ ബാധകമായതിനാൽ പുതുക്കിയ നിരക്ക് പ്രകാരമുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഇതനുസരിച്ച് എസ്റ്റിമേറ്റ് ഭേദഗതി വരുത്തി സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് കില ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**ആനാവൂർ ഗവ.എച്ച്.എസ്.എസ്.** സ്കൂളിന്റെ നിർമ്മാണ പ്രവൃത്തിയ്ക്ക് 10/02/2021ന് എഗ്രിമെന്റ് വച്ചിരുന്നു. എന്നാൽ പ്രവൃത്തി നടത്തേണ്ട സ്ഥലത്ത് നിലവിലുണ്ടായിരുന്ന കെട്ടിടം പൊളിച്ചു മാറ്റുന്നതിന് യഥാസമയം കഴിയാതെ വന്നതിനാൽ പുതിയ റേറ്റ് നൽകണമെന്ന് കരാറുകാരൻ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ കരാറുകാരൻ നൽകിയ അപേക്ഷ നിരസിക്കുകയും കരാർ ഉടമ്പടി പ്രകാരം പ്രവൃത്തി പൂർത്തിയാക്കാൻ നിർദ്ദേശം നൽകി കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ കരാറുകാരനെ ടിയാന്റെ Risk & Costൽ കരാർ ഒഴിവാക്കുന്നതിനുള്ള നടപടികൾ കില സ്വീകരിച്ചു വരുന്നു. തുടർന്ന് പുതിയ ടെണ്ടർ നടപടികൾ സ്വീകരിച്ച് നിർമ്മാണത്തിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

3 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട **പാറശ്ശാല ജി.വി.എച്ച് എസ്.എസ്** സ്കൂളിന്റെ ഡിപിആർ അംഗീകരിച്ചു. എസ്.പി.വിയായി കിലയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ നിർമ്മാണങ്ങൾക്ക് പുതുക്കിയ DSR/GST നിരക്കുകൾ ബാധകമായതിനാൽ പുതുക്കിയ

| | | | |
|---|---|---|---|
| | | | നിരക്ക് പ്രകാരമുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് എസ്റ്റിമേറ്റ് ഭേദഗതി വരുത്തി സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത കെട്ടിടങ്ങൾ നിർമിക്കുന്നതിനുള്ള ആർക്കിടെക്ചർ ഡ്രോയിംഗ്, സ്ട്രക്ച്ചറൽ ഡിസൈൻ എന്നിവ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | മേൽ വിവരിച്ച എല്ലാ കെട്ടിടങ്ങൾക്കും ആർക്കിടെക്ചർ ഡ്രോയിംഗും സ്ട്രക്ച്ചറൽ ഡിസൈനും എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടെക്നിക്കൽ സാങ്ഷൻ നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കാമോ; വിശദാംശം അറിയിക്കാമോ? | (സി) | എല്ലാ പ്രവൃത്തികളും സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ